LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെ പുനർവിന്യാസം

278 (1752) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുനിസിപ്പാലിറ്റിയാക്കിയ ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉത്തരം

ഗ്രാമപഞ്ചായത്തുകളെ നഗരസഭകളും മുനിസിപ്പാലിറ്റികളുമായി ലയിപ്പിച്ചതിനെത്തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുതൽ താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരെയും നഗരകാര്യവകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരാൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മേൽ ഉദ്യോഗസ്ഥരെ പഞ്ചായത്ത് വകുപ്പിൽ തന്നെ നിലനിറുത്തുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

നഷ്ടപ്പെടുന്ന ഗ്രാമ സൗഭാഗ്യങ്ങളെ തിരിച്ചുപിടിക്കാനുള്ള പദ്ധതികൾ

279 (1753) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ പുതിയ ഭരണസമിതികൾ അധികാരത്തിൽ വരുന്ന സമയമായതിനാൽ നമുക്ക് നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന ഗ്രാമസൗഭാഗ്യങ്ങളെ തിരിച്ചുപിടിക്കുന്നതിന് ഭരണ സമിതികളുടെ മുന്നിൽ നയപരിപാടികൾ നൽകുന്ന കാര്യം ആലോചിക്കുമോ ;

(ബി) പരിസ്ഥിതിയുടെ സർവ്വാത്മക പരിരക്ഷ, തടാകങ്ങൾ, തോടുകൾ എന്നിവയുടെ പുനരുജ്ജീവനം, ജൈവ പച്ചക്കറി പരിപോഷിപ്പിക്കൽ, മാലിന്യ നിർമ്മാർജനം തുടങ്ങിയവ നടപ്പിലാക്കാൻ വിവിധ വകുപ്പുകളെ പഞ്ചായത്തുകളുമായി സഹകരിപ്പിച്ച് പദ്ധതികൾ നടത്തുന്നതിനും, നല്ല പദ്ധതികൾക്ക് ഫണ്ട് നൽകുന്നതിനും സഹായകരമായ നടപടികൾക്ക് നേതൃത്വം നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.